**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1129** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയിലെ ഒഴിവുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജല അതോറിറ്റിയിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയതായി അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഈ വിഷയം സംബന്ധിച്ച് അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ കേരള വാട്ടർ അതോറിറ്റിയുടെ ഹെഡ് ക്വാർട്ടേഴ്സിൽ പരിശോധന നടത്തിയിട്ടുണ്ട്. പരിശോധന റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | ജല അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 2020 ലെ 5 NJD ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന കണ്ടെത്തലിനെ തുടർന്ന് ഇതിന് ഉത്തരവാദികളോട് സെക്ഷൻ ക്ലാർക്ക് മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ളവർക്ക് കാരണം കാണിക്കൽ നോട്ടീസ് വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. ആയതിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ